2024
ഫെബ്രുവരി
10

ബിലീവേഴ്സ് BELIEVERS JOURNAL

ക്രൈസ്തവ ദ്വൈവാരിക
ജേണൽ

VOL:01 ISSUE: 12 RNI.NO.KERMAL/2008/26530 Pages: 12

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷന് അനുഗ്രഹ സമാപ്തി

## യേശുവിനെ നോക്കുക നിത്യത ലക്ഷ്യമാക്കുക: പാസ്റ്റർ സി. സി തോമസ്




**തിരുവല്ല:** അസ്ഥിരമായ ലോകത്ത് അസ്വസ്തതകൾ നിറയുമ്പോൾ ദൈവീകശക്തിയാണ് നമ്മെ ഏവരേയും നിലനിർത്തുന്നത്. ലോകത്തിലെ ഒരു ശക്തിക്കും നമ്മെ തളർത്തുവാൻ കഴിയുകയില്ല കാരണം നാം ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുകയാണ്. നമ്മുടെ ലക്ഷ്യത്തിൽ എത്തിച്ചേരാതിരിക്കുവാൻ നമ്മെ ഭാരപ്പെടുത്തുന്ന അനവധി കാരണങ്ങളുണ്ട് എന്നാൽ അതിനെയെല്ലാം ക്രിസ്തു വിശ്വാസത്താൽ തള്ളിക്കളഞ്ഞ് നാം സ്ഥിരതയോടെ ഓടണം എന്ന് പാസ്റ്റർ സി. സി തോമസ് പറഞ്ഞു. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് 101-ാമത് ജനറൽ കൺവൻഷന്റെ സമാപനയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

22-ാം തീയതി തിങ്കളാഴ്ച ചർച്ച് ഓഫ് ഗോഡ് സഭാ സ്റ്റേഡിയത്തിൽ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജിയുടെ അദ്ധ്യക്ഷതയിൽ അഡ്മിനിസ്ട്രേറ്റിവ് ബിഷപ്പ് പാസ്റ്റർ സി.സി തോമസ് ഉദ്ഘാടനം ചെയ്ത് ആരംഭിച്ച കേരളാ സ്റ്റേറ്റ് 101-ാമത് ജനറൽ കൺവൻഷൻ 28-ാം തീയതി ഞായറാഴ്ച് സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ സജി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടന്ന വിശുദ്ധ സഭായോഗത്തോടും കർത്തൃമേശ ശുശ്രൂഷയോടും കൂടെ സമാപിച്ചു. സമാപന സമ്മേളനത്തിന് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി തോമസ് മുഖ്യ സന്ദേശം നല്കി. പാസ്റ്റർ ഏബ്രഹാം വർഗി

➤ 08

# പാസ്റ്റർ സാംകുട്ടി മാത്യു ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് സെക്രട്ടറി

## പാസ്റ്റർ ഷിജു മത്തായി ട്രഷറാർ, പാസ്റ്റർ പി. എ. ജെറാൾഡ് സ്റ്റേറ്റ് ജോ. സെക്രട്ടറി, പാസ്റ്റർ മാത്യു ബേബി യുവജന വിഭാഗം പ്രസിഡന്റ്


പാസ്റ്റർ സാംകുട്ടി മാത്യു


പാസ്റ്റർ ഷിജു മത്തായി


പാസ്റ്റർ പി. എ. ജെറാൾഡ്


പാസ്റ്റർ മാത്യു ബേബി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് സെക്രട്ടറിയായി പാസ്റ്റർ സാംകുട്ടി മാത്യുവും ജോയിന്റ് സെക്രട്ടറിയായി പാസ്റ്റർ പി എ ജെറാൾഡും, ട്രഷററായി പാസ്റ്റർ ഷിജു മത്തായിയും യുവജന വിഭാഗം പ്രസിഡന്റായി പാസ്റ്റർ മാത്യു ബേബിയും തെരഞ്ഞെടുക്കപ്പെട്ടു. സഭാ ആസ്ഥാനത്തു നടന്ന സഭയുടെ ഭരണസമിതിയായ കൗൺസിൽ മീറ്റിംഗിൽ ആണ് തെരഞ്ഞെടുപ്പ് നടന്നത്. തെരഞ്ഞെടുപ്പിന് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് ബിഷപ്പ് പാസ്റ്റർ സി. സി തോമസ് നേതൃത്വം നൽകി.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സാംകുട്ടി മാത്യു ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്ററും മൂന്നര പതിറ്റാണ്ടിലധികമായി ചർച്ച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനാണ്. റാന്നി മന്ദമരുതി കോയിപ്പുറത്ത് കുടുംബാംഗമായ ഇദ്ദേഹം സഭയുടെ മീഡിയാ ഡയറക്ടറും ചിറ്റാർ സെന്റർ പാസ്റ്ററുമാണ്. സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ജനറൽ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ക്രൈസ്തവ മാധ്യമ പ്രവർത്തകനും എഴുത്തുകാരനും പ്രഭാഷകനും ആണ്. സഹധർമ്മിണി ബിജി സാം. മക്കൾ: സ്റ്റാൻലി, ഫേബ

ട്രഷററായി തെ


➤ 08




ഉത്തരഭാരതത്തിൽ സഭകൾക്ക് എതിരെ പീഡനം വർദ്ധിക്കുന്നു - **വാർത്ത**

*പ്രതിഫലം തന്നിടുവാൻ*
*യേശു രാജൻ വന്നിടുവാൻ*
*അധികമില്ലിനിയും നാളുകൾ*
*നമ്മുടെ ആധികൾ തീർത്തീടുവാൻ*

# ഏ.ജി. മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ സമാപിച്ചു



**പന്തളം:** ലോകത്തിന്റെ ഇച്ഛകൾക്കനുസരിച്ചു ജീവിക്കുന്നത് ഒഴിവാക്കി ദൈവത്തിലേക്ക് മടങ്ങിവരേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നു അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ ടി. ജെ. സാമുവേൽ. പറന്തലിൽ നടന്ന ജനറൽ കൺവൻഷന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൈവത്തിലേക്ക് മടങ്ങുന്നവർക്കേ പ്രത്യാശാനിർഭരമായി ജീവിക്കാൻ കഴിയൂ. ക്രിസ്തുവിലൂടെ മാനവരാശിക്കു ലഭിച്ച സമാധാനത്തിൽ ജീവിക്കേണ്ടതിന് ദൈവജനം ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു.

സഭാ സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് ധ്യാനം നയിച്ചു. പാസ്റ്റർ ഡോ. എ. കെ. ജോർജ്ജ് പ്രഭാഷണം നടത്തി. പാസ്റ്റർമാരായ ജോർജ് പി. ചാക്കോ, തോമസ് ഏബ്രഹാം, മനുവേൽ ജോൺസൻ, മനോജ് തോമസ്, ജോൺ സാമുവേൽ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർമാരായ പി. എം. ജോയി, പി. എം. ജോർജ്, ജോസ് ടി. ജോർജ്, പി. കെ. ജോസ്, പി. ബേബി, പി. കെ. യേശുദാസ്, ജെ. സജി, ബാബു വർഗീസ്, ജോമോൻ കുരുവിള, ജോസ് തോമസ്, എ. രാജൻ, വി. എസ്. ബിനു, ബെൻസൻ മാത്യു, ഡോ. ജെയിംസ് ജോർജ് എന്നിവരും മറിയാമ്മ സാമുവേൽ, മേരിക്കുട്ടി ജോസ് എന്നിവരും പ്രസംഗിച്ചു.

ചാരിറ്റി വിഭാഗം ആരംഭിക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ ഉദ്ഘാടനം സഭാധ്യക്ഷൻ പാസ്റ്റർ ടി. ജെ. സാമുവേൽ നിർവ്വഹിച്ചു. പാസ്റ്റർ ബിജി ഫിലിപ്പ്, ബാബു തോമസ് എന്നിവർ നേതൃത്വം നൽകി. മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മാത്യു കുര്യനെ അനുമോദിച്ചു. സാലി സാബു, ഷിജു ജോൺ സാമുവൽ, പ്രഭ ടി. തങ്കച്ചൻ, ഷിബു വർഗീസ്, റോബർട്ട് കിങ്സ്റ്റൺ, ടി. മത്തായിക്കുട്ടി എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തിരുമേശ ശുശ്രൂഷ അസി. സൂപ്രണ്ട് പാസ്റ്റർ ഡോ. ഐസക് വി. മാത്യുവിന്റെ നേതൃത്വത്തിൽ നടന്നു. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ നിന്നുള്ള പതിനയ്യായിരത്തിലധികം വിശ്വാസികൾ പങ്കെടുത്ത സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിച്ചു.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

കേരളാ സ്റ്റേറ്റ് കോർഡിനേറ്റർ
പാസ്റ്റർ തോമസ് ജോർജ്ജ്, കട്ടപ്പന

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box: 58
Kumbanad P.O.,
Thiruvalla
Pin: 689 547

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

OFFiCE: 09526602670
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ






# നീതിയുക്തവും മാതൃകാപരവുമായ വിധി

ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

സ്വവർഗ്ഗ വിവാഹത്തിന് നിയമ സാധുതയില്ല എന്ന ചരിത്ര പ്രാധാന്യമുള്ള വിധി സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ച് പ്രഖ്യാപിച്ചത് സമ്മിശ്ര പ്രതികരണങ്ങൾക്കാണ് ഇടയാക്കിയത്. പ്രകൃതിവിരുദ്ധ ലൈംഗികതയെ കുറ്റകരമായി കണ്ടിരുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377 ആം വകുപ്പ് 2018 ൽ സുപ്രീം കോടതി ഭരണഘടനാ ബഞ്ച് ഭരണഘടനാ വിരുദ്ധമെന്ന് പ്രഖ്യാപിച്ചതുപോലെ, സ്വവർഗ്ഗ വിവാഹത്തെ നിഷേധിക്കുന്നതും ഭരണഘടനാ വിരുദ്ധമെന്ന പ്രഖ്യാപനമുണ്ടാകുമെന്ന് ഹർജ്ജിക്കാർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, ഏകദേശം ഒരു വർഷം നീണ്ട നിയമയുദ്ധത്തിനൊടുവിൽ പ്രതികൂലമായ വിധിയുണ്ടായത് അവരെ നിരാശപ്പെടുത്തി.

നിലവിൽ 34 രാജ്യങ്ങളിലാണ് സ്വവർഗ്ഗ വിവാഹങ്ങൾക്ക് നിയമ സാധുതയുള്ളത്. കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടയിലാണ് അവയിൽ 25 രാജ്യങ്ങളിലും സ്വവർഗ്ഗ വിവാഹങ്ങൾക്ക് നിയമത്തിന്റെ പിൻബലം ലഭിച്ചിട്ടുള്ളത്. പത്ത് രാജ്യങ്ങൾ കോടതി ഉത്തരവ് വഴി സ്വവർഗ്ഗ വിവാഹത്തിന് നിയമ സാധുത നൽകാൻ നിർബ്ബന്ധിതമാവുകയായിരുന്നു. ലോകമെമ്പാടും പ്രവർത്തകരും സ്വാധീനവലയങ്ങളുമുള്ള നിരവധി സംഘടനകൾ ഈ വിഷയത്തിൽ സജീവമാണ്. ഈ ഒരു പശ്ചാത്തലത്തിൽ ഇന്ത്യയും സ്വവർഗ്ഗ വിവാഹത്തിന് അനുമതിയുള്ള രാജ്യങ്ങളിൽ ഒന്നായി മാറുമെന്ന് പൊതുവെ കരുതപ്പെട്ടിരുന്നു.

വിവാഹം, വ്യക്തിബന്ധങ്ങൾ, ലൈംഗികത തുടങ്ങിയ വിഷയങ്ങളിലെല്ലാം ആഗോള സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിൽനിന്നുണ്ടായിരിക്കുന്ന സുപ്രധാനമായ വിധി വലിയൊരു സന്ദേശമാണ് നൽകുന്നത്. ജന്മംകൊണ്ടോ ജീവിത സാഹചര്യങ്ങൾക്കൊണ്ടോ ചില വ്യക്തികളിൽ സംഭവിക്കുന്ന അസ്വാഭാവിക മാറ്റങ്ങൾ അവരുടെ ലൈംഗിക ആഭിമുഖ്യങ്ങൾ വികലമാക്കിയേക്കാം. അത്തരമൊരു തിരിച്ചറിവിൽ, ഉഭയസമ്മതത്തോടെയുള്ള സ്വവർഗ്ഗ ലൈംഗികത നിയമത്തിന്റെ കണ്ണിൽ ക്രിമിനൽ കുറ്റമല്ലെങ്കിൽപോലും, അത് ധാർമ്മികതയ്ക്കും പ്രകൃതിക്കും വിരുദ്ധമാണ് എന്ന വസ്തുത നിഷേധിക്കാനാവില്ല. അത്തരം താൽപ്പര്യങ്ങൾ നിയമാനുസൃതമായ വിവാഹബന്ധത്തിലേയ്ക്കും, തുടർന്നുള്ള മറ്റ് അവകാശവാദങ്ങളിലേയ്ക്കും പ്രവേശിക്കുന്നതിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ട്.

സ്വവർഗ്ഗ വിവാഹം ഇന്ത്യൻ സംസ്കാരത്തിനും, വിവാഹമെന്ന സങ്കൽപ്പത്തിനും യോജിക്കുന്നതല്ലെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. ഇന്ത്യൻ സംസ്കാരത്തിന് മാത്രമല്ല, ആഗോള മാനവികതയ്ക്കും ധാർമ്മികതയ്ക്കും ജൈവികതയ്ക്കും തന്നെ വിരുദ്ധമായ ഏറെ അവകാശവാദങ്ങളാണ് ചെറിയ ഒരു വിഭാഗം ആഗോളതലത്തിൽ തന്നെ ഉയർത്തിക്കൊണ്ടിരിക്കുന്നത്. വിവാഹ ഉടമ്പടിയുമായി ബന്ധപ്പെട്ട് 'സ്ത്രീ പുരുഷന്മാർ' എന്ന പ്രയോഗം മാറ്റി, 'ദമ്പതികൾ' എന്ന വാക്ക് ഉപയോഗിക്കണം എന്നുൾപ്പടെയുള്ള ആവശ്യങ്ങളാണ് സുപ്രീം കോടതിക്ക് മുന്നിൽ ഉയർന്നിരുന്നത്. കുട്ടികളെ ദത്തെടുക്കാനുള്ളതുൾപ്പെടെ, നിയമപ്രകാരം ഇന്ത്യയിൽ വിവാഹിതരായ ഏതൊരു ഭാര്യാഭർത്താക്കന്മാർക്കും ലഭിക്കുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും തങ്ങൾക്കും ലഭിക്കണമെന്നും അവർ ആവശ്യപ്പെടുകയുണ്ടായി.

ഇത്തരം ആവശ്യങ്ങളെയെല്ലാം നിരാകരിച്ച കോടതി നിലപാട് സ്വാഗതാർഹമാണ്. സ്വവർഗ്ഗ ലൈംഗികത സ്വാഭാവികമെന്ന് ധരിച്ച് അത് ജീവിതത്തിന്റെ ഭാഗമാക്കിയ രണ്ടുപേർ ദത്തെടുക്കുന്ന കുട്ടികളും സ്വാഭാവികമായും ആ ചിന്താഗതിയിലേയ്ക്ക് മാറ്റപ്പെടാനുള്ള സാധ്യതയെ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. ജനിതകപരമായ കാരണങ്ങളെക്കാൾ, ജീവിത സാഹചര്യങ്ങളാണ് ലൈംഗിക ആഭിമുഖ്യങ്ങളെ അനാരോഗ്യകരമായും പ്രകൃതിവിരുദ്ധമായും മാറ്റിമറിക്കുന്നത് എന്ന് വ്യക്തമാക്കുന്ന ഒട്ടേറെ പഠനങ്ങൾ നിലവിലുണ്ട്. മാത്രവുമല്ല, വലിയൊരളവുവരെ ഇത്തരം അഭിമുഖ്യങ്ങൾ ചികിത്സയിലൂടെ പരിഹരിക്കപ്പെടാവുന്നതാണെന്നും പഠനങ്ങൾ പറയുന്നു. ഇത്തരം പ്രതിഭാസം അസ്വാഭാവികമെന്നും പ്രകൃതി വിരുദ്ധമെന്നും മനസിലാക്കി സ്വയം മാറാനുള്ള സാധ്യതകൾ ഇത്തരക്കാർക്ക് മുന്നിൽ തുറന്നിടാൻ ലോകം സജ്ജമാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. പ്രകൃതിദത്തമായ സ്വാഭാവികതയ്ക്കപ്പുറം ഒരു വിഭാഗംപേർ നിശ്ചയിച്ചുറപ്പിക്കുന്നതെല്ലാം ലോകം മുഴുവൻ അംഗീകരിക്കണമെന്ന ദുർവാശി മാനവരാശിയെ മൂല്യച്യുതിയിലേക്കും ലൈംഗിക അരാജകത്വത്തിലേയ്ക്കുമേ നയിക്കൂ. ഇക്കാരണത്താൽ, സ്വവർഗ വിവാഹം സംബന്ധിച്ച സുപ്രീം കോടതിവിധി തികച്ചും നീതിയുക്തവും മാതൃകാപരവുമാണ്.

## ലേഖനം





ഷൈജു ഡാനിയേൽ
അടൂർ

# ഇരുത്തുന്നവർ എഴുന്നേൽപ്പിക്കുന്നവർ

സഭാചരിത്രത്തിലെ ആദ്യ അത്ഭുതം ലൂക്കോസ് എന്ന വൈദ്യൻ അടയാളപ്പെടുത്തുമ്പോൾ ആലയവാതിൽക്കലെ മുടന്തന്റെ വിടുതലിനെക്കാൾ മൂന്നാം അദ്ധ്യായത്തിലെ മുഖ്യപ്രമേയം 'ഇരുത്തുന്നവരേയും എഴുന്നേൽപ്പിക്കുന്നവരെയും' കുറിച്ചുള്ള സന്ദേശമാണ്.

അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരുവനെ ചിലർ ചുമന്നുകൊണ്ടുവരുന്നു....പ്രഥമ നിരീക്ഷണത്തിൽ ബലഹീനനോടുള്ള അകമഴിഞ്ഞ അനുകമ്പയിൽ രൂപപ്പെട്ട കൈത്താങ്ങലായി തോന്നും.... പക്ഷേ ഈ മുടന്തനായവനെ ആ ചിലർ ചുമന്നുകൊണ്ടുപോകുന്നത് ഭിക്ഷയ്ക്കിരുത്തുവാനാണ്.... അപരന്റെ ബലഹീനത കച്ചവടച്ചരക്കാക്കി ലാഭമുണ്ടാക്കുന്ന ചിലർ അവർ അവനെ ദിനംപ്രതി ഇരുത്തുമാറുണ്ട് (അപ്പോ. 3:2).

അപരനെ നാം എന്തിനായി ചുമക്കുന്നു? കാലില്ലാത്തവന് കാലുകളായി നാം മാറുകയാണോ അതോ അപരന്റെ മുടന്ത് എന്ന ബലഹീനത നമ്മുടെ ആദായമാർഗ്ഗമോ? ചുമന്നുകൊണ്ടു നടക്കുന്നതു കാണുമ്പോൾ ദീനാനുകമ്പയുടെയും ആർദ്രതയുടെയും ഭാഗമായി പൊതുലോകത്തിന് തോന്നുമെങ്കിലും ആളുകൂടുന്ന ഇടങ്ങളിൽ കൊണ്ടിരുത്തി ആദായമുണ്ടാക്കുവാനുള്ള രഹസ്യതന്ത്രങ്ങൾ ആണ് അതിനു പിന്നിൽ.

പക്ഷേ, ഒമ്പതാം മണി നേരത്തുള്ള പ്രാർഥനാ സമയത്ത് മാളികമുറിയിൽ നിന്നും ഇറങ്ങിവരുന്ന രണ്ടു ക്രിസ്തു ശിഷ്യർ; പത്രൊസും യോഹന്നാനും ദൈവാലയ ഗോപുര നടയിൽ ചിലർ ചുമന്നു കൊണ്ടിരുത്തിയ ആ നിസ്സഹായൻ പതിവുപോലെ അവരെയും ആശിച്ചുനോക്കി, വല്ലതും കിട്ടും എന്ന പ്രതീക്ഷയോടെ...എന്നാൽ അവന്റെ ഭിക്ഷപാത്രത്തിലേക്ക് ഇട്ടുകൊടുക്കുവാനുള്ള നാണയങ്ങൾ പോലും കൈവശം ഇല്ലാതിരുന്ന അപ്പൊസ്തോലന്മാർ, ഞങ്ങൾക്കുള്ളത് നിനക്കു തരാം എന്നുപറഞ്ഞുകൊണ്ടു പണത്തിനുപകരം മാളികമുറിയിലെ ആത്മാവിന്റെ വ്യാപാരം ഉള്ള കൈകൾ അവനുനേരെ നീട്ടി അവനെ എഴുന്നേൽപ്പിച്ചു. ഇട്ടുകൊടുക്കുവാൻ നാണയത്തുട്ടുകൾ കൈയിലില്ല, പക്ഷേ ശൂന്യമെങ്കിലും ആത്മവ്യാപാരമുള്ള രണ്ടു കൈകൾ അവനെതിരെ നീണ്ടുചെന്നു..... ഇനിയും അവനെ അവിടെ ഇരുത്തുവാനല്ല, എന്നെന്നേക്കുമായി അവിടെനിന്നും അവനെ എഴുന്നേൽപ്പിക്കുവാൻ.

മാളികമുറിയിലെ ആത്മശക്തി പ്രാപിച്ചവന്റെ കൈകൾ ധനം സംബന്ധിച്ചു ശൂന്യമാണെങ്കിലും ആലയവാതിൽക്കലെ ബലഹീനരെ കൈകൊടുത്തു എഴുന്നേൽപ്പിച്ചു ആലയത്തിനകത്ത് എത്തിക്കുവാൻ ആത്മനിറവുള്ളതാണ്.

ആത്മനിറവില്ലാത്തവന്റെ കൈകൾ ചുമക്കുന്നത് ചുമക്കുന്നവന്റെ പ്രയോജനത്തിനാണെങ്കിൽ, ആത്മനിറവുള്ളവന്റെ കൈകൾ നമുക്കു നേരെ വരുന്നത് നമ്മെ എന്നെന്നേക്കുമായി എഴുന്നേൽപ്പിക്കുവാൻ ആണ്.

'ദിനംപ്രതി ഇരുത്തുന്നവർ' അസംഖ്യം വർദ്ധിക്കുമ്പോൾ എഴുന്നേൽപ്പിക്കുന്നവരുടെ എണ്ണം ചുരുങ്ങിവരുന്നു. മുടന്തന്റെ വിടുതൽ, 'ദിനംപ്രതി ഇരുത്തുന്നവരുടെ' ആദായം മുടക്കിയപ്പോൾ ആലയവാതിൽക്കൽ ഇരുന്നവൻ ആരാധനക്കാരുടെ കൂട്ടത്തിൽ തുള്ളിച്ചാടുന്നു.

ഇരുത്തുവാൻ ചുമന്നവരുടെ പേരില്ല... പക്ഷേ എഴുന്നേൽപ്പിച്ചവരെ ലൂക്കോസ് അടയാളപ്പെടുത്തി; പത്രൊസ്, യോഹന്നാൻ.

ദുഷ്ടലാക്കോടെ ചുമന്നവനെ കാലം ആടയാളപ്പെടുത്താതെ വിട്ടുകളഞ്ഞപ്പോൾ എഴുന്നേൽപ്പിച്ചവനെ വിശുദ്ധരേഖകളിൽ പേരുചാർത്തി. നാം ഇരുത്തുവാൻ ചുമക്കുന്നവരോ എഴുന്നേൽപ്പിക്കുവാൻ കൈനീട്ടുന്നവരോ?

# വേദപഠനം



പാസ്റ്റർ പി.ജി. ഏബ്രഹാം



## എഫെസ്യർ ലേഖനം – ഒരു പഠനം
## അദ്ധ്യായം 3 തുടർച്ച

ഭാഗം – 36

**ശുശ്രൂഷയുടെ ഉദ്ദേശം**
വാ. 10–13

**1. ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിയുകയും ചെയ്യുക.**

'വാഴ്ചകളെയും അധികാരങ്ങളെയും' ദൈവീക ജ്ഞാനം അറിയിച്ചുകൊടുക്കുക. ദൈവത്തിന്റെ ഇടപെടൽ സഭയിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് ആത്മലോകത്തിനും അറിവാക്കിക്കൊടുക്കുകയാണ് ഉദ്ദേശം.

'വാഴ്ചകളെയും അധികാരങ്ങളെയും' അദൃശ്യമായ ആത്മലോകത്തെ സൂചിപ്പിക്കുന്നു. ഇതിൽ നന്മയുടെ ലോകവും തിന്മയുടെ ലോകവുമുണ്ട്. ഇവിടെ നന്മയുടെ ലോകത്തെയാണ് ഉദ്ദേശിക്കുന്നത്. എഫെ. 6;12ൽ രേഖപ്പെടുത്തുന്ന 'വാഴ്ചകൾ, അധികാരങ്ങൾ' 'സ്വർലോകങ്ങളിലെ ദുഷ്ടാത്മസേന' എന്നീ പ്രയോഗങ്ങൾ തിന്മയുടെ ലോകത്തെയാണ് സൂചിപ്പിക്കുന്നത്.

ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനത്തെ സ്വർഗത്തിലെ ദൂതന്മാർക്കും, പൈശാചിക ലോകത്തിനും അറിയിച്ചു കൊടുക്കുക. (2:6ff; 1:11; 22–23; 1 പത്രോ. 1:12)

2. ദൈവം സഭയിലൂടെ ദൈവത്തിന്റെ അനാദിയാലുള്ള മർമ്മം പഠിപ്പിച്ചുകൊടുക്കുന്നു. "അനാദി നിർണ്ണയം" പൂർവ്വകാലത്ത് നിശ്ചയിച്ചത്- കഴിഞ്ഞകാല നിത്യതയിൽ പദ്ധതിയിട്ടത്. അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മം-ദൈവീക ജ്ഞാനം-എന്തായിരുന്നു?

a. യെഹൂദനും ജാതിയും ക്രിസ്തുവിൽ ഒന്നായിത്തീരുക (2:16:18).

b. സഭ-ക്രിസ്തുവിന്റെ ശരീരം -എന്ന മർമ്മം വെളിപ്പെടുത്തുക

c. യേശുക്രിസ്തുവിലൂടെ എന്നേക്കുമുള്ള രക്ഷ സാദ്ധ്യമാക്കുക

d. പിതാവിന്റെ സന്നിധിയിലേക്ക്-കൃപാസനത്തിങ്കലേക്ക് പ്രവേശനം എല്ലാവർക്കും സാദ്ധ്യമാക്കുക

e. ദൈവത്തിന്റെ ദിവ്യജ്ഞാനത്തിന്റെ വെളിപ്പെടുത്തൽ-അനാദിയായുള്ള മർമ്മം-സ്വർഗത്തിലെ ദൂതന്മാർക്കും ദുഷ്ടാത്മസേനകൾക്കും വെളിപ്പെടുത്തുക.

വാ.12 'അവനിൽ ആശ്രയിക്കുക' – ക്രിസ്തുവിൽ മാത്രം

ക്രിസ്തുവിലുള്ള സമ്പൂർണ്ണ വിധേയത്വം

'അവങ്കലുള്ള വിശ്വാസം' – ക്രിസ്തുയേശു തന്നെ.

ദൈവവും ഏകവീണ്ടെടുപ്പുകാരനമെന്നുള്ള വിശ്വാസം ദൈവത്തിങ്കലേക്കുള്ള പ്രവേശനം വിശ്വാസത്താൽ സാദ്ധ്യമാക്കുന്നു. (റോമ. 5:2). പഴയനിയമത്തിൽ കൃപാസനത്തിലേക്കുള്ള പ്രവേശനം സാധാരണ ജനത്തിന് അപ്രാപ്യമായിരുന്നു. എന്നാൽ ക്രിസ്തുവിലൂടെ പുതിയനിയമകാലത്ത് സകല ജനത്തിനും ധൈര്യത്തോട് കൃപാസനത്തിങ്കലേക്കുള്ള പ്രവേശനം സാധിപ്പിച്ചു (എബ്രാ. 4:16).

ദൈവം അനാദിനിർണ്ണയപ്രകാരം സാദ്ധ്യമാക്കിയ രക്ഷയുടെ പദ്ധതി ദൈവസഭയിലൂടെ തുടർന്നു കൊണ്ടിരിക്കുന്നു. ജാതികളും യെഹൂദനും ക്രിസ്തുവിൽ ഏകശരീരമായിത്തീർന്നു 'ഒന്നായിത്തീരുക'യെന്ന വലിയ യാഥാർത്ഥ്യത്തെ സാദ്ധ്യമാക്കുക (എബ്രാ. 3:6; 10:19,35; യോഹന്നാൻ 17:13).

പഴയനിയമത്തിൽ പൗരോഹിത്യ ഗോത്രം ഉണ്ടായിരുന്നു. ലേവീഗോത്രത്തിനു മാത്രമേ പൗരോഹിത്യ ശുശ്രൂഷ അനുവദിച്ചിരുന്നുള്ളൂ. മറ്റാരെങ്കിലും അതിലേക്ക് വന്നാൽ അതു ദൈവനിന്ദയായി പരിണമിക്കും. എന്നാൽ പുതിയനിയമത്തിൽ ക്രിസ്തുവിലൂടെ കൃപാസനത്തിലേക്ക് സാധിപ്പിച്ച പ്രവേശനത്താൽ സകല വിശ്വാസികൾക്കും പൗരോഹിത്യ ശുശ്രൂഷയുള്ള പദവിയും അനുവദിച്ചുകൊടുത്തു (എബ്രാ. 13:15–16; 1 പത്രോ. 2:9; വെളി. 1:6). ശ്രേഷ്ഠ മഹാപുരോഹിതനായ ക്രിസ്തുവിനെ അനുഗമിച്ച് ദൈവസന്നിധിയിലേക്കുള്ള പ്രവേശനം സാധിപ്പിച്ചു. ഇതു മഹത്തരമായൊരനുഭവമാണ്.

3:13. പൗലോസ് അനുഭവിച്ച കഷ്ടതകൾ

നിലവിലുള്ള കാരാഗൃഹവാസത്തെ സൂചിപ്പിക്കുന്നു. പൗലോസ് 7 പ്രാവശ്യം തടവിൽ കഴിഞ്ഞതായി കരുതുന്നു. (2 കൊരി. 11:23–29). പൗലോസിന്റെ കഷ്ടതകൾ ദൈവസഭയുടെ മഹത്വമായി കാണുന്നു. പൗലോസ് കഷ്ടം സഹിക്കുന്നത് കർത്താവിന്റെ നാമത്തിനായിട്ടാണെങ്കിലും, അതിലൂടെ ദൈവസഭയ്ക്ക് ഒരു മഹത്വം ഉണ്ടാകുമെന്ന് കരുതുന്നു. ദൈവസഭയുടെ നിലനില്പിന് തന്റെ കഷ്ടതകൾ ഉപകരിക്കുമെന്ന് പൗലോസ് കരുതുന്നു.

a) ക്രിസ്തുവിനായി കഷ്ടമനുഭവിക്കുന്നത് ഒരു ദൈവീക ദാനമായി കരുതുന്നു (ഫിലി. 1:29)

വിശ്വാസമെന്നതുപോലെ കഷ്ടമനുഭവിപ്പാനുള്ള വരവും ദൈവം വച്ചിരിക്കുന്നതാണെന്നുള്ള ബോധ്യം വളരെ വിലപ്പെട്ടതാണ്.

b) കഷ്ടതകൾ ഒരു പദവിയാണെന്ന് കണക്കാക്കുന്നു.

c) കഷ്ടതകൾ സന്തോഷമാണ് (കൊലൊ.1:24)

d) കഷ്ടതകൾ നിത്യതേജസിന്റെ അവകാശമാണ് (2 തിമൊ. 2:1)

e) കഷ്ടതകൾ സഹിഷ്ണതയുളവാക്കുന്നു (റോമ.5:3–5)

f) കഷ്ടതയിലും പ്രശംസിക്കാൻ കഴിയുക (2 കൊരി. 11:29)

g) കഷ്ടതയും ആശ്വാസവും പരസ്പരം പൂരകങ്ങളാണ് (2 കൊരി. 1:5–6)

(തുടരും...)




COMMERCIAL & RESIDENTIAL
Real Estate - Texas
STRIDE
JOBIN PRIYAN
GROUP
www.jpgrouprealtors.com
JOBIN JOHNSON
REAL ESTATE PROFESSIONAL
832.391.5000
BEYOND LOVE
THE M. JOHNSON FOUNDATION
7070 Knights Court
Missouri City, Texas

# ലേഖനം



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ



# ലോകം യുദ്ധക്കെടുതിയിൽ

നാം അധിവസിക്കുന്ന ലോകം വലിയ യുദ്ധഭീക്ഷണിയിലൂടെയും, യുദ്ധക്കെടുതിയിലൂടെയും ആണ് കടന്ന് പോകുന്നത്. പലസ്തീനിലെയും ലബനനിലെയും ഇസ്രയേൽ കടന്നാക്രമണങ്ങൾ അതിരുവിട്ട നിലയിലാണ്. നൂറു ദിവസം പൂർത്തിയായതിന്റെ അഗാധമായ പ്രത്യാഘാതങ്ങളിൽ പലസ്തീന്റെ 40 ശതമാനം ഭാഗം നശിച്ചു.ചെങ്കടലിലെ കപ്പലുകൾ ലക്ഷ്യമാക്കി ഹൂതികൾ അഴിച്ചുവിടുന്ന ആക്രമണങ്ങൾക്ക് തടയിടാനെന്ന് പ്രഖ്യാപിച്ചാണ് യമനിലെ അമേരിക്ക ബ്രിട്ടൻ സംയുക്ത സൈനികനീക്കം. ഇറാൻ പാകിസ്ഥാൻ ഉരസലുകൾ. തീവ്രവാദ സംഘടനയായ ജെയ്ഷ് അൽ അദ് ലിന്റെ രണ്ടു ബലൂചിസ്ഥാൻ താവളത്തിൽ ഇറാൻ നടത്തിയ മിസൈൽ ആക്രമണം. യിസ്രയേലിന്റെ ഗാസ അധിനിവേശം, രണ്ട് വർഷത്തിലേക്ക് അടുക്കുന്ന റഷ്യ യുക്രയ്ൻ യുദ്ധം, പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ അടക്കം ലോകം യുദ്ധത്തിന്റെ കെടുതികളിലും സംഘർഷങ്ങളിലും നീറുന്നു. പല രാജ്യങ്ങളിലും ആഭ്യന്തര സംഘർഷം രൂക്ഷമാണ്. എന്താണല്ലേ ഈ ലോകം? എത്ര യുദ്ധങ്ങളിലൂടെയാണ് നമ്മുടെ ലോകം കടന്നുവന്നത്. 32 രാജ്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള യുദ്ധം നിലവിലുണ്ടെന്നാണ് കണക്ക്. യുദ്ധങ്ങൾ പലപ്പോഴും രണ്ടു കൂട്ടരുടെ ശക്തിപ്രകടനത്തേക്കാളുപരി പകയുടെയും പ്രതികാരത്തിന്റെയും കഥയായി മാറുന്നു. ആ മഹാഗ്നിയിൽ സംസ്കാരങ്ങളും മനുഷ്യരും സ്വപ്നങ്ങളും എരിഞ്ഞടങ്ങുന്നു. ലോകത്തിൽ മനുഷ്യർ ഏറ്റവും കൂടുതൽ കേൾക്കാൻ ആഗ്രഹിക്കുന്ന വാക്ക് ശാന്തി എന്നതാകും. മരുഭൂമിയിൽ പെയ്യുന്ന മഞ്ഞുതുള്ളി പോലെയാണ് ശാന്തി. ചുട്ടുപൊള്ളുന്ന മനസ്സിൽ തലോടലായി ഉണരുന്ന തൂവൽസ്പർശമാണത്. ശാന്തിയും സമാധാനവും പോലെ സ്വസ്ഥത നൽകുന്ന മറ്റൊരവസ്ഥയില്ല. പക്ഷേ ഈയവസ്ഥ സ്വപ്നം മാത്രമാണ് പലർക്കും.ലോകസമാധാനത്തെക്കുറിച്ച് നമ്മൾ പറയുമ്പോഴും ആന്തരികമായ സമാധാനം അനുഭവിക്കുന്നവർ എത്രപേർ. യുദ്ധങ്ങൾ പടനിലങ്ങളിൽ മാത്രമല്ല, ജീവിതത്തിലുമുണ്ട്. ഓരോ ദിവസവും ഈ യുദ്ധത്തിൽ ഏർപ്പെടുന്നവർ എത്ര. കഴിഞ്ഞ 24 മാസത്തിനുള്ളിൽ ലോകത്തിൽ അമ്പരപ്പിക്കുന്ന നിരവധി സായുധ സംഘട്ടനങ്ങൾ ആരംഭിക്കുകയോ പുതുക്കുകയോ വർധിക്കുകയോ ചെയ്തു. ഇടക്കാലത്ത് ചിലത് പൂർണ്ണമായും മരവിപ്പിച്ചിരുന്നു, അതായത് വർഷങ്ങളായി കക്ഷികൾ നേരിട്ടുള്ള പോരാട്ടം നടത്തിയിരുന്നില്ല; എന്നാൽ മറ്റുള്ളവ ദീർഘനേരം ആഞ്ഞടിച്ചു, അതായത് താഴ്ന്ന നിലയിലുള്ള പോരാട്ടം ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെടുന്ന അവസ്ഥായായിരുന്നു പക്ഷെ ഇപ്പോൾ എല്ലാ യുദ്ധങ്ങളും സജീവമായി. ഗാസയിലെയും യുക്രെയിനിലെയും യുദ്ധങ്ങൾ മാത്രമല്ല, നാഗോർണോകറാബാക്കിലെ അർമേനിയയും അസർബൈജാനും തമ്മിലുള്ള ശത്രുത, കൊസോവോയ്ക്കെതിരായ സെർബിയൻ സൈനിക നടപടികൾ, കിഴക്കൻ കോംഗോയിൽ യുദ്ധം, സുഡാനിലെ സമ്പൂർണ്ണ പ്രക്ഷുബ്ധത, ടിഗ്രേയിലെ ദുർബലമായ വെടിനിർത്തൽ എന്നിവയെല്ലാം പട്ടികയിൽ ഉൾപ്പെടുന്നു. എത്യോപ്യ എപ്പോൾ വേണമെങ്കിലും തകരാൻ ഒരുങ്ങുന്നതായി തോന്നുന്നു. ഈ കാലയളവിൽ സിറിയയും യെമനും കൃത്യമായി ശാന്തമായിരുന്നില്ല, ഹെയ്തിയിലും മെക്സിക്കോയിലും ഉൾപ്പെടെയുള്ള ഗവൺമെന്റുകളെ തുടർച്ചയായി ഭീഷണിപ്പെടുത്തുന്നു. ചൈന തായ്‌വാൻ ദ്വീപ് ആക്രമിക്കുന്നതുപോലുള്ള കിഴക്കൻ ഏഷ്യയിൽ ഒരു വലിയ യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യതയുടെ മുകളിലാണ് ഇതെല്ലാം വരുന്നത്. ഇറാനും പാക്കിസ്ഥാനും തമ്മിലുള്ള ശത്രുതയും ഇതിനോടനുബന്ധമായി വരുന്നു.

1800 മുതൽ, ലോകമെമ്പാടുമുള്ള 37 ദശലക്ഷത്തിലധികം ആളുകൾ യുദ്ധങ്ങളിൽ സജീവമായി പോരാടുന്നതിനിടെ മരിച്ചു. പോരാട്ടം മൂലം മരിച്ച സാധാരണക്കാർ, ഈ സംഘട്ടനങ്ങളുടെ ഫലമായുണ്ടായ പട്ടിണിയും രോഗങ്ങളും മൂലമുള്ള വർധിച്ച മരണങ്ങൾ, യുദ്ധങ്ങളായി കണക്കാക്കാത്ത ചെറിയ സംഘട്ടനങ്ങളിലെ മരണങ്ങൾ എന്നിവ കൂടി പരിഗണിച്ചാൽ ഈ സംഖ്യ ഇനിയും വളരെ കൂടുതലായിരിക്കും.

യുദ്ധങ്ങൾ മറ്റ് പല വിധത്തിലും ഭയാനകമാണ്: അവ ആളുകളുടെ ജീവിതത്തെ അരക്ഷിതമാക്കുന്നു, അവരുടെ ജീവിതനിലവാരം താഴ്ത്തുന്നു, പരിസ്ഥിതിയെ നശിപ്പിക്കുന്നു, ആണവായുധങ്ങൾ ഉപയോഗിച്ച് സായുധരായ രാജ്യങ്ങൾ തമ്മിൽ പോരാടുകയാണെങ്കിൽ , അത് മനുഷ്യരാശിക്ക് അസ്തിത്വ ഭീഷണിയാണ്. ഈ പ്രവണതകൾ തുടരണോ വേണ്ടയോ എന്നത് തീർച്ചയല്ല, അത് നമ്മുടെ സ്വന്തം പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഈ പ്രവണതകളുടെ ഭാവി അനിശ്ചിതത്വത്തിലാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ അടുത്തിടെ സംഘർഷ മരണങ്ങൾ വർദ്ധിച്ചു. സാമൂഹിക ഘടനയ്ക്കും രാഷ്ട്രീയ സ്ഥാപനങ്ങൾക്കും അന്താരാഷ്ട്ര നിലയ്ക്കും കേടുപാടുകൾ സംഭവിക്കുമെന്ന് ഉറപ്പാണ്. സംഘർഷം ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് അപകടസാധ്യതകൾ സൃഷ്ടിക്കുകയും ഭൗമരാഷ്ട്രീയവും രാഷ്ട്രീയവുമായ വിഭജനം വർദ്ധിപ്പിക്കുകയും ആഗോള തീവ്രവാദത്തിന് ആക്കം കൂട്ടുകയും ചെയ്യും.മാത്രമല്ല ഇനിയുള്ള യുദ്ധം ശുദ്ധമായ ഊർജം മുതൽ നൂതനമായ കമ്പ്യൂട്ടിംഗ്, ബയോടെക്നോളജി, ഗതാഗതം, പ്രതിരോധം എന്നിങ്ങനെ ഈ നൂറ്റാണ്ടിലെ വളർച്ചയ്ക്കും നവീകരണത്തിനും ദേശീയ സുരക്ഷയ്ക്കും കാരണമാകുന്ന ഫലത്തിൽ എല്ലാ മേഖലകളിലും നിർണായക ധാതുക്കൾ ഒരു നിർണായക ഘടകമായിരിക്കും. കാരണം രാജ്യങ്ങൾക്ക് ആവശ്യമായ ധാതുക്കൾ ലഭിക്കാതെ വരുമ്പോൾ അത് ഉള്ളയിടത്തെ ആക്രമിച്ച് കീഴ്പ്പെടുത്താൻ ശ്രമിക്കും. 2024-ൽ, ലോകമെമ്പാടുമുള്ള ഗവൺമെന്റുകൾ നിർണ്ണായക ധാതുക്കളുടെ ലഭ്യതയെ തടസ്സപ്പെടുത്തുന്ന വ്യാവസായിക നയങ്ങളുടെയും വ്യാപാര നിയന്ത്രണങ്ങളുടെയും പരിണിത ഫലമാണത്. 2021ൽ ആരംഭിച്ച ആഗോള നാണയപ്പെരുപ്പ ആഘാതം 2024ലും സാമ്പത്തികവും രാഷ്ട്രീയവുമായ വലിച്ചിഴയ്ക്കുന്നത് തുടരും. കടുത്ത പണപ്പെരുപ്പം മൂലമുണ്ടാകുന്ന ഉയർന്ന പലിശനിരക്ക് ലോകമെമ്പാടുമുള്ള വളർച്ചയെ മന്ദഗതിയിലാക്കും, വളർച്ചയെ ഉത്തേജിപ്പിക്കാനോ ആഘാതങ്ങളോട് പ്രതികരിക്കാനോ സർക്കാരുകൾക്ക് സാധ്യതയില്ല. സാമ്പത്തിക സമ്മർദ്ദം, സാമൂഹിക അശാന്തി, രാഷ്ട്രീയ അസ്ഥിരത. സംഘർഷങ്ങളും മാനുഷിക പ്രതിസന്ധികളും പെരുകുകയും തീവ്രമാവുകയും ചെയ്തു. മനുഷ്യാവകാശങ്ങളും മാനുഷിക നിയമ ലംഘനങ്ങളും 2023 ൽ വഷളായിക്കൊണ്ടേയിരിക്കും. വരും വർഷങ്ങളിൽ സംഘർഷങ്ങളും കാലാവസ്ഥാ പ്രതിസന്ധിയുടെ ആഘാതങ്ങളും സാമ്പത്തിക അസമത്വങ്ങളും മാനുഷിക ആവശ്യങ്ങളുടെ പ്രധാന ചാലകങ്ങളായി തുടരും. ഇതെല്ലാം ബൈബിൾ പ്രവചനങ്ങളുടെ നിറവേറലാണ്. തീവ്രവാദ ആക്രമണങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്ന ഇസ്രായേലിലെ ഹിസ്ബുള്ള, ഹമാസ് ആക്രമണങ്ങൾ പോലുള്ള സംഭവങ്ങൾ അന്ത്യകാലത്തിലേക്കുള്ള സുപ്രധാന ചുവടുകളാണോ? അതെ, വളരെ സാധ്യത. ഈ സംഭവങ്ങളും വെളിപ്പാടിന്റെ പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന ഒരു പ്രത്യേക സംഭവവും തമ്മിൽ നേരിട്ടുള്ള ബന്ധമുണ്ടോ, അത് അന്ത്യകാലത്തിലേക്ക് നയിക്കുമോ? മനുഷ്യചരിത്രത്തിലുടനീളം, പ്രത്യേകിച്ച് ഇസ്രായേൽ, ഒരു ഏകലോക ഗവൺമെന്റിന്റെ ആവിർഭാവം, മൃഗത്തിന്റെ ഉദയം, രണ്ട് പ്രവാചകന്മാരുടെ രൂപം, വെളിപാടിൽ വിവരിച്ചിരിക്കുന്ന മറ്റ് സംഭവങ്ങൾ, വിവിധ ആഗോള സംഭവങ്ങൾ നമ്മെ ആ ദിശയിലേക്ക് തള്ളിവിടുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

# ഐപിസി കുമളി സെന്റർ കൺവൻഷൻ

**കുമളി:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ കുമളി സെന്റർ 33-ാമത് കൺവൻഷൻ ഫെബ്രുവരി 7 ബുധൻ മുതൽ11 ഞായർ വരെ ചക്കുപള്ളം പഞ്ചായത്ത് ആറാം മൈൽ മൈതാനത്ത് നടക്കും.

ബുധൻ വൈകിട്ട് സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.ഐ കുര്യൻ ഉത്ഘാടനം ചെയ്യും. പാസ്റ്റർ റെജി ശാസ്താംകോട്ട , പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ കെ.ജെ തോമസ് കുമളി, പാസ്റ്റർ വർഗ്ഗീസ് എബ്രഹാം റാന്നി എന്നിവർ രാത്രി യോഗങ്ങളിലും വെള്ളി പകൽ സോദരി സമാജം മീറ്റിംഗിൽ സിസ്റ്റർ റീജ ബിജു കൊട്ടാരക്കര, ശനി പകൽ സണ്ടേസ്കൂൾ, പി വൈ പി എ മീറ്റിംഗിൽ പാസ്റ്റർ തോമസ് മാത്യു ചാരുവേലി, ഞായറാഴ്ച സംയുക്ത സഭായോഗത്തിൽ പാസ്റ്റർ. കെ.സി തോമസ് എന്നിവരും പ്രസംഗിക്കും. യെരുശലേം വോയ്സ് ഏഴംകുളം സംഗീതശുശ്രൂഷ നിർവ്വഹിക്കും.

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla

**Contact - Baby Samuel**
**Whatsapp No. +91 9207251248**

# പാസ്റ്റർ എബനേസർ ഷൈലന് ദേശീയ ഭാരത് സേവ പുരസ്കാരം



**തിരുവനന്തപുരം:** ഭാരത് സേവാ സമാജിന്റെ സ്ഥാപക ദിനമായ ജനുവരി 12ന് തിരുവനന്തപുരം കവടിയാറിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ എബനേസർ ഷൈലന് ദേശീയ ഭാരത് സേവ പുരസ്കാരം ലഭിച്ചു. മാനസിക രോഗികളേയും ലഹരി അടിമകളേയും സാധാരണ ജീവിതത്തിലേക്ക് കൈപിടിച്ച് തിരികെ കൊണ്ടുവരാൻ നടത്തുന്ന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം. കല്ലമ്പലം മൈൻഡ് റിവൈവൽ സൈക്കോ സോഷ്യൽ സെന്ററിലെ അഡ്മിനിസ്ട്രേറ്ററും സൈക്കോതെറാപ്പിസ്റ്റും കൂടിയാണ്.

മണക്കാല ഫെയ്ത് തിയോളജിക്കാൻ സെമിനാരിയിൽ നിന്നും ബി ഡി പഠനം പൂർത്തിയാക്കി കോട്ടയം T. M. A. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് & സൈക്കോതെറാപ്പിയിൽ മാസ്റ്റർ ബിരുദം നടത്തിയിട്ടുണ്ട്. കോട്ടയം മണർകാട് ദൈവസഭാ സഹശിശ്രൂഷകനും കല്ലുമല ദൈവസഭ ചൈൽഡ് ഇവാഞ്ചലിസം ബോർഡ് ജനറൽ സെക്രട്ടറിയുമാണ്. അധ്യാപകൻ, പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ മികച്ച നിലവാരം പുലർത്തുന്ന ഒരു സാമൂഹിക പ്രവർത്തകൻ കൂടെയാണ് പാസ്റ്റർ എബനെസർ ഷൈലൻ.

സമൂഹത്തിന്റെ വിവിധ തലങ്ങളിൽ രാഷ്ട്രരൂപീകരണത്തിൽ പങ്കാളികളാകുന്നവരെ ഏകോപിപ്പിച്ചു ഭാരതത്തിന്റെ വളർച്ചയെ പരിപോഷിപ്പിക്കുക എന്നതാണ് 1952-ൽ ജവഹർ ലാൽ നെഹ്റു പ്രസിഡന്റ് ആയി രൂപീകരിച്ച ആടടന്റെ ലക്ഷ്യം.

CENTURY 21
ROYAL

SCARSDALE, NEW YORK

## We aim to provide our clients what they are looking for in a Real Estate experience.

## We have been providing outstanding service in residential and commercial Real Estate for past 29+ years.




**GEORGE JOHN**
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com



**STANLEY MATHEW**
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

## We still believe in personal service to all our customers who rely on our dedication, trust and integrity



Follow us on:



www.royalfinehomes.com
www.century21royal.com

**Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700**

# ലേഖനം



ബിനു ജോസഫ്
വടശ്ശേരിക്കര



# കണ്ണുനീർ പ്രാർത്ഥന

ഇന്ന് ഞാൻ കണ്ട വളരെ വ്യത്യസ്തമായ ഒരു പ്രാർത്ഥന എന്നെ വല്ലാതെ സ്പർശിച്ചു. ഒരു വെള്ള പേപ്പറിൽ ഇപ്രകാരം എഴുതിയിരുന്നു, ഡിയർ ലോഡ്.. മൂന്ന് നാല് കണ്ണുനീർത്തുള്ളികൾ.. തൊട്ടു താഴെ, ആമേൻ.

തീവ്രമായ മനോവേദനയിൽ നിന്നും ഉളവാകുന്നതാണ് കണ്ണുനീർ, അതിന് വാക്കുകളെക്കാൾ വിലയുണ്ട്. ദുഃഖം പ്രകടിപ്പിക്കുവാൻ വാക്കുകൾ ഇല്ലാതെ വരുമ്പോൾ അത് കണ്ണുനീരായി പുറത്തേക്ക് വരും. ചിലപ്പോൾ മനോദുഃഖത്തിൽ നിന്നും, മറ്റു ചിലപ്പോൾ പാപബോധത്തിൽ നിന്നുമാകാം കണ്ണുനീർ ഉണ്ടാകുന്നത്.

1 ശമു. 1-ാം അദ്ധ്യായത്തിലെ ഹന്നയുടെ പ്രാർത്ഥന കണ്ണുനീരായിരുന്നു, അവളുടെ അധരത്തിൽ നിന്നും വാക്കുകളൊന്നും പുറത്തേക്ക് വന്നില്ല. ആ കണ്ണുനീരിന്റെ അർത്ഥം ദൈവത്തിനു മനസ്സിലായി, പിന്നീടൊരിക്കലും അവളുടെ മുഖം വാടിയില്ല. പുതിയ നിയമത്തിൽ യേശു പരീശന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ, പാപിനിയായ ഒരു സ്ത്രീയുടെ കണ്ണുനീർ വീണ് യേശുവിന്റെ പാദങ്ങൾ നനഞ്ഞു. അവൾക്ക് പാപങ്ങൾ ഏറ്റുപറയുവാൻ വാക്കുകളില്ലായിരുന്നു. അവളുടെ ഉള്ളിലെ കുറ്റബോധത്തിന്റെ കാർമേഘം കണ്ണുനീരായി പുറത്തേക്ക് പെയ്തിറങ്ങി. യേശു അവളുടെ പാപങ്ങൾ മോചിച്ച് അവൾക്ക് സ്വസ്ഥത നൽകി.

ഒരിക്കൽ മാർത്തയും മറിയയും കരഞ്ഞപ്പോൾ വാക്കുകൾ കൊണ്ടുള്ള ആശ്വാസത്തിന് അവിടെ പ്രസക്തി ഇല്ലാതായപ്പോൾ യേശു അവരോട് കൂടെ കണ്ണുനീർ വാർത്തു. കണ്ണുനീരിന്റെ തീവ്രത യേശുവിന് നന്നായി അറിയാം.

നമ്മൾ ഒന്നും പറഞ്ഞില്ലെങ്കിലും നമ്മുടെ ഹൃദയത്തിന്റെ വേദനകളും നിരാശകളും നന്നായി അറിയുന്ന ഒരു കർത്താവുണ്ട്. അതുകൊണ്ടുതന്നെ നിങ്ങളുടെ ഹൃദയം വേദനിക്കുകയും നിരാശപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ നിശ്ചയമായും നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം തരുന്ന ഒരു യേശു ഇന്നും ജീവിക്കുന്നു.

ഹൃദയത്തിൽ ദുഃഖത്തിന്റെ ലാഞ്ചന പോലും ഇല്ലെങ്കിലും വാക്കുകൾ കൊണ്ട് പ്രാർത്ഥിക്കാം, എന്നാൽ മനോദുഃഖത്തോടെയുള്ള പ്രാർത്ഥനകളിൽ വാക്കുകൾക്ക് സ്ഥാനമില്ല. യഥാർത്ഥമായ പ്രാർത്ഥന ഉയരുന്നത് കണ്ണുനീരിലൂടെയാണ്.

നമ്മുടെ കണ്ണുനീർ കണ്ട് എല്ലാവരും മാറി നിന്നേക്കാം, ചിലപ്പോൾ ആരും കണ്ടില്ലെന്നു വന്നേക്കാം. എന്നാൽ കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന കർത്താവ് നിശ്ചയമായും അടുത്തേക്ക് വന്ന് നമുക്ക് വേണ്ടി പ്രവർത്തിക്കും. സങ്കീർത്തനത്തിൽ ദാവീദ് പറയുന്നു; 'എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ ആക്കി വയ്ക്കേണമേ' (സങ്കീ. 56:8) കണ്ണുനീർ തുരുത്തിയിൽ ആക്കി വയ്ക്കുന്നതിന് ദൈവത്തിന് ഒരു ഉ+ദ്ദേശമുണ്ട്. ഒരുപക്ഷേ നമ്മുടെ നന്മയ്ക്കായി അല്പം താമസിപ്പിച്ചാലും ദൈവം തക്ക സമയത്ത് നമ്മുടെ കണ്ണീർ പ്രാർത്ഥനയ്ക്ക് മറുപടി നൽകുക തന്നെ ചെയ്യും. നിരാശപ്പെടേണ്ട യേശു ഇന്നും ജീവിക്കുന്നു.



PHILADELPHIA fellowship church

PHILADELPHIA FELLOWSHIP CHURCH
LONDON, CANADA

WE ARE A MISSIONS-ORIENTED CHURCH WITH PETECOSTAL DISTINCTIVENESS. OUR PRIMARY GOAL IS TO USE OUR GOD-GIVEN GIFTS AND TALENTS TO INSPIRE PEOPLE TO ENCOUNTER THE PRESENCE OF GOD.



SERVICES

SUNDAY - 9:30 AM (ENGLISH SERVICE) | SUNDAY - 11:30 AM (MALAYALAM SERVICE)
TUESDAY - 7:30 AM (INTERCESSORY PRAYER)
FRIDAY - 7:30 PM (MALAYALAM MEETING)
FRIDAY - 7:30 PM (ENGLISH BIBLE STUDY)

SUNDAY SCHOOL
WOMEN'S FELLOWSHIP
YOUTH MEETING



PASTOR
JOY PUNNOOSE

Newcomers to Canada
We are happy to provide information & resources to help you settle in!

20014 NISSSOURI RD, DUNDAS EAST, LONDON, ONTARIO, CANADA
+1 (226) 224-4500
joypunnoose@usa.net
philadelphiachurchlondon.com

## 01 ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് .....

സ്, അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജി, പാസ്റ്റർ പി. ജി മാത്യൂസ് എന്നിവർ പ്രസംഗിച്ചു. തിരുവത്താഴ ശുശ്രൂഷയ്ക്ക് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി തോമസ് നേതൃത്വം നല്കി. കൗൺസിൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു ബൈബിൾ വായനയ്ക്ക് നേതൃത്വം നൽകി. ഉദ്ഘാടന സമ്മേളനത്തിൽ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ സജി ജോർജും, സമാപന സമ്മേളനത്തിൽ ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടർ പാസ്റ്റർ വൈ. ജോസും സങ്കീർത്തനം വായിച്ചു. എഡ്യുക്കേഷൻ ഡയറക്ടർ ഡോക്ടർ ഷിബു കെ മാത്യു സ്വാഗത പ്രസംഗവും ബിലിവേഴ്സ് ബോർഡ് സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്തുകാല സമാപന സമ്മേളനത്തിൽ സ്വാഗത പ്രസംഗവും നടത്തി. സ്ഥിരതയോടെ ഓടുക എന്നതായിരുന്നു ചിന്താവിഷയം. കൺവൻഷനോടനുബന്ധമായി പവ്വർ കോൺഫ്രൻസ്, മിഷൻ സമ്മേളനങ്ങൾ, പാസ്റ്റേഴ്സ് കോൺഫ്രൻസുകൾ വൈ.പി.ഇ, സൺഡേസ്കൂൾ, എൽ.എം. സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, തുടങ്ങി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രോഗ്രാമുകൾ എന്നിവ നടന്നു.

ഭരണസമിതിയായ സ്റ്റേറ്റ് കൗൺസിലിൽ നിന്ന് കാലവധി പൂർത്തിയാക്കി സ്ഥാനമൊഴിഞ്ഞവർക്ക് യാത്ര അയപ്പ് നല്കി. 2024-26 വർഷത്തേക്കുള്ള പുതിയ 15 അംഗ ഭരണ സമതിയെ അഡ്മിനിസ്ട്രേറ്റിവ് ബിഷപ്പ് പാസ്റ്റർ സി. സി തോമസ് പ്രാർത്ഥിച്ച് നിയോഗിച്ചു.

വിവിധ ദിവസങ്ങളിൽ പാസ്റ്റർമാരായ ബി. മോനച്ചൻ കായംകുളം, പി. എ ജെറാൾഡ്, ജിബി റാഫേൽ, അനീഷ് ഏലപ്പാറ, വിനോദ് ജേക്കബ്ബ്, സൈമൺ ജോസഫ് അമേരിക്ക, ജെയ്സ് പാണ്ടനാട്, സണ്ണി താഴാംപള്ളം, ബെനിസൺ മത്തായി, റെജി ശാസ്താംകോട്ട, ഫിന്നി ജോസഫ്, റ്റി. എം മാമച്ചൻ, പി.സി ചെറിയാൻ, ഫിന്നി വർഗീസ് അമേരിക്ക, നോബിൾ ജേക്കബ്ബ്, ഡോക്ടർ ഷിബു കെ മാത്യു എന്നിവർ ദൈവവചന പ്രഭാഷണം നടത്തി. പകൽ യോഗങ്ങളിൽ പാസ്റ്റർമാരായ ജോൺസൻ ജോർജ്, എബനേസർ എച്ച്. എം, ജിനോസ് പി ജോർജ്, അശോക് മാത്യു അലക്സ്, ബിനു ജോർജ് പറക്കോട്, ബോബി എസ്. മാത്യു, സണ്ണി ഏബ്രഹാം, ഷൈജു തോമസ് ഞാറയ്ക്കൽ, ബിജു ജോയി, കെ. എ. ഡേവിഡ്, വർഗീസ് ജോൺ, അനിൽ കൊടിത്തോട്ടം, ബിനു പി ജോർജ്ജ്, ജെൻസൺ ജോയി, സജി ഏബ്രഹാം, ഏബ്രഹാം റൈറ്റസ് എന്നിവർ പ്രസംഗിച്ചു.

പാസ്റ്റർമാരായ വൈ. റെജി, വി. പി തോമസ്, സാംകുട്ടി മാത്യു, റ്റി. എ ജോർജ്, സജി ജോർജ്, ജെ. ജോസഫ് എന്നിവർ രാത്രി യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. പകൽ യോഗങ്ങളിൽ പാസ്റ്റർമാരായ ജോസഫ് സാം, അനിയൻകുഞ്ഞ് ശാമുവേൽ, ഈപ്പച്ചൻ തോമസ്, ഏബ്രഹാം മാത്യു, ബാബു ബി. മാത്യു, പി.വി. ചെറിയാൻ, ഈ. എസ് ജോൺ, മാത്യു ബേബി, ഷിജു മത്തായി എന്നിവർ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാംകുട്ടി മാത്യു, സീനിയർ പാസ്റ്റർമാരായ എം. എ ജോൺ, വൈ ജോസ്, തോമസ് എം പുളിവേലിൽ, ബ്രദർ സുരേഷ് തോമസ്, തോമസ് ജോർജ്, ജോൺസൻ ദാനിയേൽ, ലാലി ഫിലിപ്പ്, പി. വി രമേഷ്, ബിബിൻ തോമസ്, അജിൽ രാജരാജൻ, ബി. ലാലു, ജോൺ മാത്യു, കെ. എ ഉമ്മൻ, ബിനു. കെ ചെറിയാൻ, എൻ. ആർ സേനു, സജു. സി കോയിക്കലേത്ത് ബ്രദർ വി. എ സാബു, വർഗീസ് ജോൺ, ജോൺ ദാനിയേൽ, വി.എ. ബാബുകുട്ടി, ജോസ് ബേബി, സോജൻ റ്റി.റ്റി., അനിൽ പി. ശമുവേൽ, ബാബു ജോസഫ്, ചെറിയാൻ ഫിലിപ്പ്, ഡെന്നീസ് വർഗിസ്, ആർ. എസ് ദിൻകർ, റെന്നി ജോൺ ഇടപറമ്പിൽ, കെ.വി മാത്യു, തോമസ് ജോർജ്, ജോൺ മത്തായി, ബേസിൽ തോമസ്, കെ.കെ ഐസക്, സി. ഐ തോമസ്, ജി. തോമസ്, കെ.സി ചാക്കോച്ചി, സഹോദരന്മാർ അജി കെ മാത്യു, റ്റി യോഹന്നാൻ, ശാമുവേൽ ഫിലിപ്പ്, സി. എം വത്സലദാസ്, തമ്പി ശങ്കരമംഗലം, മാത്യുസ് ജോർജ്, ജോർജ് വർഗിസ്, ബ്രദർ സജി. കെ സാം, ബൈജു തങ്കച്ചൻ, റെജി റ്റി രാജു, നെൽസൺ തോമസ്, റെജി മാമ്മൻ, പി. എം മാത്യു, എബ്രഹാം മാത്യു, പി. ജെ ജയിംസ്, സജി ചാക്കോ, ഫിന്നി ഏബ്രഹാം, പ്രജീഷ് ചാണ്ടി, ജിൽസ് പി കുര്യൻ, കെ. വി ഗീവർഗിസ്, ലൈജു നൈനാൻ, കെ.ജി ജോൺ, എ. എം വർഗീസ്, വി. ജെ കുഞ്ഞുമ്മൻ, ജോർജ്കുട്ടി ജോൺസൻ, ബ്രദർ ബിനോയി പി അലക്സ്, സഹോദരിമാരായ പൊന്നമ്മ അലക്സാണ്ടർ, മോളി രാജു, ഗ്രേസി ജോൺസൻ, സാലമ്മ ജോൺ എന്നിവർ വിവിധ യോഗങ്ങളിലെ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്തു.

ലേഡീസ് സമ്മേളനത്തിന് കേരളാ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് ബിഷപ്പ് പാസ്റ്റർ സി. സി തോമസ് അദ്ധ്യക്ഷത വഹിച്ചു, ലേഡിസ് മിനിസ്ട്രി സംസ്ഥാന പ്രസിഡന്റ് സിസ്റ്റർ സുനു തോമസ് സ്വാഗത പ്രസംഗം നടത്തി. സ്റ്റേറ്റ് ഓർഗനൈസർ സിസ്റ്റർ ഷോൺ തോമസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അക്കാമ്മ ജോർജ് സങ്കീർത്തനം വായനയ്ക്ക് നേതൃത്വം നല്കി. സന്നദ്ധപ്രവർത്തന വിശദീകരണം ലീലാമ്മ അലക്സാണ്ടർ നടത്തി. സഹോദരിമാരായ അന്നമ്മ നൈനാൻ, റീജാ ബിജു എന്നിവർ പ്രസംഗിച്ചു. ബോർഡ് മെമ്പർ ഷാരിൻ സ്കറിയാ കൃതജ്ഞതാ പ്രസംഗം നടത്തി.

ചർച്ച് ഓഫ് ഗോഡ് വേദപാഠശാലകളുടെ ബിരുദദാന സമ്മേളനത്തിന് ഡോക്ടർ ഷിബു കെ മാത്യു അദ്ധ്യക്ഷത വഹിച്ചു. കമ്മീഷനിംഗ് സന്ദേശവും, അവാർഡ് വിതരണവും കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി തോമസ് നിർവ്വഹിച്ചു. പാസ്റ്റർ ജെയ്സൺ തോമസ് പ്രസംഗിച്ചു. ബ്രദർ ബോവസ് രാജുവിന്റെ നേതൃത്വത്തിലുള്ള ചർച്ച് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. കേരളത്തിലും ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശത്ത് നിന്നുമായി പതിനായിരക്കണക്കിന് ശുശ്രൂഷകന്മാരും വിശ്വാസ സമൂഹവും കൺവൻഷനിൽ പങ്കെടുത്തു. 102-ാമത് ജനറൽ കൺവൻഷൻ 2025 ജനുവരി 20 മുതൽ 26 വരെ നടക്കും എന്ന് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് ബിഷപ്പ് പാസ്റ്റർ സി. സി തോമസ് അറിയിച്ചു.


## സെന്റർ കൺവൻഷൻ

**മീനങ്ങാടി:** 38-ാമത് ഇന്ത്യ പെന്തകോസ്ത് ദൈവസഭ വയനാട് സെന്റർ കൺവൻഷൻ ഫെബ്രുവരി 29 മുതൽ മാർച്ച് 3 വരെ മീനങ്ങാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും. ഐപിസി വയനാട് സെന്റർ മിനിസ്റ്റർ പാസ്റ്റർ തോമസ് തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ജോയി പാറക്കൽ, പാസ്റ്റർ ഷിബിൻ ജി. സാമൂവേൽ എന്നിവർ പ്രസംഗിക്കും. സമ്മേളനത്തോടനുബന്ധിച്ച് പി.വൈ.പി.എ, സൺഡേ സ്കൂൾ, സോദരി സമാജം വാർഷികങ്ങളും നടക്കും. ബ്ലെസ്സ് സിംഗേഴ്സ്, കോഴിക്കോട് ഗാനങ്ങൾ ആലപിക്കും. ഞായറാഴ്ച സംയുക്ത ആരാധനയോടെ കൺവൻഷൻ സമാപിക്കും.

## ഐപിസി കൽപ്പറ്റ സെന്റർ ഭാരവാഹികൾ

**കൽപ്പറ്റ:** ഐപിസി കൽപ്പറ്റ സെന്റർ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ തോമസ് ചാക്കോ (പ്രസിഡണ്ട്), പാസ്റ്റർ എം.എം. ജോർജ് (വൈസ് പ്രസിഡണ്ട്), പാസ്റ്റർ ലാലു ചാക്കോ (സെക്രട്ടറി), പാസ്റ്റർ പി.എ തോമസ്, അഗസ്റ്റിൻ വി.സി (ജോയിന്റ് സെക്രട്ടറിമാർ), വി.സി. മാത്യു (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ. കൂടാതെ കമ്മിറ്റി അംഗങ്ങളായി പാസ്റ്റർമാരായ ഡി. മാത്യു, പി.വി. സന്തോഷ്, ടി.എസ്. ജോസഫ്, ബിനു സ്കറിയ, റോബിൻ പി.എസ്, സഹോദരന്മാരായ സന്ദീപ് വിളമ്പുകണ്ടം, വിവിൻ മാത്യു എന്നിവരെയും തിരഞ്ഞെടുത്തു. പ്രസിഡണ്ട് പാസ്റ്റർ തോമസ് ചാക്കോ ഇമ്മാനുവേൽ ഐപിസി ബഹ്റൈൻ സഭയുടെ സീനിയർ ശുശ്രൂഷകനാണ്.

# ഐപിസി ഖത്തർ റീജിയൻ പി.വൈ.പി.എ. ഭാരവാഹികൾ



**ദോഹ:** ഐപിസി ഖത്തർ റീജിയൻ പി. വൈ. പി. എ ക്ക് (2024-2026) പുതിയ ഭരണസമിതി നിലവിൽ വന്നു. ജനുവരി 6ന് ഐപിസി ഖത്തർ റീജിയൻ പ്രസിഡന്റ് പാസ്റ്റർ എൻ. ഒ ഇടിക്കുളയുടെ നേതൃത്വത്തിൽ കൂടിയ ജനറൽബോഡി യോഗത്തിൽ, പ്രസിഡന്റ് പാസ്റ്റർ ബിജു മാത്യു, വൈസ് പ്രസിഡന്റുമാരായി ബ്രദർ റെജി കെ. ബഥേൽ, ബ്രദർ ബിനു പാപ്പൻ, സെക്രട്ടറി ബ്രദർ ഷെറിൻ ബോസ്, ജോയിന്റ് സെക്രട്ടറിമാരായി ബ്രദർ ജെയിംസ് ഫിന്നി , ബ്രദർ വിൽസൺ ലോറൻസ്, ട്രഷറർ ബ്രദർ ബൈജു എബ്രഹാം, ജോയിന്റ് ട്രഷറർ സിസ്റ്റർ നിസ്സി സാജൻ, താലന്തു കൺവീനർ പ്രയ്സ് കെ ജെയിംസ്, പബ്ലിസിറ്റി കൺവീനർ ബ്രദർ ജെറിൻ ജേക്കബ്, മിഷൻ കൺവീനർ ബ്രദർ ബിജോയ് കെ ജോയ് എന്നിവരെയും കമ്മിറ്റി അംഗങ്ങളായി സിസ്റ്റർ ജിഷ ഐപ്പ്, ബ്രദർ ഷിബു മാത്യു, ബ്രദർ ജോൺസൻ, ബ്രദർ റോണി ജോസ്, ബ്രദർ ഷിനു വർഗ്ഗീസ്, ബ്രദർ മനു ചെറിയാൻ രാജൻ, ബ്രദർ നിതിൻ മോഹൻ എന്നിവരെയും തിരഞ്ഞെടുത്തു.

# ഐഎജിയുകെ & യുറോപ്പിന്റെ കോൺഫ്രൻസ്

**കവൻട്രി:** ഐഎജിയുകെ & യുറോപ്പിന്റെ കോൺഫ്രൻസ് മാർച്ച് 15 മുതൽ 17 വരെ കവൻട്രിയിലെ റെഡ്‌റോസ് അരീനയിൽ നടക്കും. ചെയർമാൻ റവ. ബിനോയ് എബ്രഹാം ഉദ്ഘാടനം ചെയ്യും.

പാസ്റ്റർ ഫെയ്ത്ത് ബ്ലെസ്സൺ പള്ളിപ്പാട് മുഖ്യസന്ദേശം നൽകും. വർഷിപ്പ് ലീഡർ ബ്രദർ അനിൽ അടൂർ സംഗീത ശുശ്രുഷകൾക്ക് നേതൃത്വം നൽകും.

യൂത്ത് മീറ്റിംഗ്, കുഞ്ഞുങ്ങൾക്കായുള്ള പ്രത്യേക സെക്ഷൻ, ലേഡീസ് മീറ്റിംഗ് എന്നിവ നടക്കും.

പാസ്റ്റർ ജിജി തോമസ് ചെയർമാനായും, പാസ്റ്റർ ജിനു മാത്യു കോൺഫ്രൻസ് കൺവീനറായും , പാസ്റ്റർ ലിജോ ജോൺ കോൺഫ്രൻസ് കോഓർഡിനേറ്ററായും , ബ്രദർ ലിനോ പി ജോൺ കോൺഫ്രൻസ് ലോക്കൽ കോഓർഡിനേറ്ററായും പ്രവർത്തിച്ചു വരുന്നു.

# പി. സി. എൻ. എ. കെ രജിസ്ട്രേഷൻ കിക്കോഫ് മീറ്റിംഗ്




**ന്യൂയോർക്ക്:** ചെറിയ സമയത്തിനുള്ളിൽ വലിയ പിന്തുണയോടെ ന്യൂയോർക്കിലും പരിസരങ്ങളിലുമുള്ള ശുശ്രൂഷകന്മാരും വിശ്വാസ സമൂഹവും അമേരിക്കയിലെ ആദ്യത്തെ മലയാളി പെന്തെക്കോസ്തു സഭയായ ഇന്ത്യ ക്രിസ്ത്യൻ അസംബ്ലിയിൽ നടന്ന പി.സി.എൻ.എ.കെ രജിസ്ട്രേഷൻ കിക്കോഫ് മീറ്റിംഗിൽ പങ്കെടുത്തത് ശ്രദ്ധേയമായി.

സുവി. കെ.ബി ഇമ്മാനുവൽ ഗാനങ്ങൾ ആലപിച്ചു. ന്യൂയോർക്കിലുള്ള വിവിധ പെന്തെക്കോസ്തു സഭകളുടെ നേതൃത്വത്തിലുള്ള ഗായക സംഘങ്ങൾ ആത്മീയ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, നാഷണൽ സെക്രട്ടറി രാജു പൊന്നോലിൽ, നാഷണൽ ട്രഷറർ ബിജു തോമസ്, നാഷണൽ യൂത്ത് കോർഡിനേറ്റർ റോബിൻ രാജൂ, നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആൻസി സന്തോഷ് തുടങ്ങിയവർ കോൺഫറൻസിനെകുറിച്ചുള്ള വിശദ വിവരങ്ങൾ യോഗത്തിൽ പ്രസ്താവിച്ചു. പി.സി.എൻ.എ.കെ വാർത്താ പത്രികയുടെ പ്രഥമ ലക്കം യോഗത്തിൽ പ്രകാശനം ചെയ്തു.

39-മത് കോൺഫ്രൻസിന്റെ ദേശീയ പ്രതിനിധികളായ പാസ്റ്റർ എബ്രഹാം ഈപ്പൻ, ജോൺസൺ ജോർജ്, സാബി കോശി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

നാഷണൽ കോൺഫറൻസിലേക്ക് വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 8000 പേരെയാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. മാതാപിതാക്കളുടെയും യുവാക്കളുടെയും ആവേശമാണ് പി.സി.എൻ.എ കെയുടെ നേട്ടമെന്ന് ഭാരവാഹികൾ പറഞ്ഞു.

അമേരിക്കയിൽ കുടിയേറിയ മലയാളി സമൂഹത്തിൽ ശക്തമായ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ പെന്തക്കോസ്ത് വിശ്വാസ സമൂഹത്തിന്റെ ദേശീയ കോൺഫറൻസ് 2024 ജൂലൈ നാലു മുതൽ ഏഴ് വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവെൻഷൻ സെൻട്രലിൽ വെച്ചാണ് നടത്തപ്പെടുന്നത്.

കോൺഫറൻസിൽ പങ്കെടുക്കാനായി എല്ലാവരും നേരത്തെ രജിസ്റ്റർ ചെയ്യുവാനും മാർച്ച് 1-ന് കുറഞ്ഞ നിരക്കിലുള്ള രജിസ്ട്രേഷൻ അവസാനിക്കുന്നതിനു മുൻപു തന്നെ ഈ സൗകര്യം വിനിയോഗിക്കണമെന്നും ഭാരവാഹികൾ അറിയിച്ചു.

# ഡോക്ടറേറ്റ് ലഭിച്ചു



**ഡൽഹി:** പോക്കറ്റ് ടെസ്റ്റമെന്റ് ലീഗ് (PTL) ഇൻറർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷൻ സ്റ്റഡീസിന്റെ പ്രിൻസിപ്പലും ട്രെയിനിങ്ങിന്റെ ഡെപ്യൂട്ടി ഡയറക്ടറും എൻ സി ആർ ക്രിസ്ത്യൻ ഫെലോഷിപ്പ് സെന്റർ സഭയുടെ അസോസിയേറ്റ് പാസ്റ്റർറുമായ സാംകുട്ടി ശമുവേലിന് ഡോക്ടറേറ്റ് ലഭിച്ചു. ബാംഗ്ലൂരിൽ ഏഷ്യൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് M. Div വും സിംഗപ്പൂരിൽ ഉള്ള ബഥനി ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് M.Th ഉം എടുത്ത ശേഷം ഈ യൂണിവേഴ്സിറ്റിയിൽ തന്നെ തുടർന്നുള്ള വചന പഠനാന്തരം ഇപ്പോൾ ഇവിടെ നിന്ന് Doctorate in Mission ലഭിച്ചു. വെച്ചൂച്ചിറ കൈപ്പുഴ പൊയ്കയിൽ വീട്ടിൽ പാസ്റ്റർ സി.സി ശാമുവലിന്റെയും സലോമി ശമുവേലിന്റെയും ഇളയ മകനാണ് പാസ്റ്റർ സാംകുട്ടി. പോക്കറ്റ് ടെസ്റ്റ്മെന്റ് ലീഗിൽ കഴിഞ്ഞ 37 വർഷങ്ങളായി ഉത്തരേന്ത്യയിൽ പ്രവർത്തിച്ചുവരുന്നു. വെച്ചൂച്ചിറ ഐപിസി സഭയുടെ അംഗമാണ്.

# 01 ◀ പാസ്റ്റർ സാംകുട്ടി മാത്യു ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്...

രഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഷിജു മത്തായി പത്തനംതിട്ട പയ്യനാമൺ, പച്ചയിൽ യോഹന്നാൻ മത്തായിയുടെയും, സാറാമ്മയും ഏഴു മക്കളിൽ ആറാമത്തെ മകനായി ജനിച്ചു. ചർച്ച് ഓഫ് ഗോഡ് കോട്ടയം സഭയുടെ ശുശ്രൂഷകനും കോട്ടയം സെന്റർ പാസ്റ്ററുമാണ്. 28 വർഷത്തിലധികമായി സഭയുടെ ശുശ്രൂഷകനായും, ഏഴു വർഷത്തിൽ പരം ചർച്ച് ഓഫ് ഗോഡ് ചാരിറ്റി ഡിപ്പാർട്ട്മെന്റ് ഡയറക്ടറായി പ്രവർത്തിക്കുന്നു. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ അഹമ്മദാബാദിൽ ജോലിയിൽ ആയിരുന്നപ്പോൾ സുവിശേഷവേലയ്ക്കായി സമർപ്പിക്കപ്പെട്ടു ഇറങ്ങി കുമ്പനാട് ബഥേൽ ബൈബിൾ സ്കൂളിൽ വേദപഠനം നടത്തി. സഹധർമ്മിണി സുമ. മക്കൾ: ഷാലോൺ, ഷെയ്ൻ എന്നിവരാണ് മക്കൾ.

ജോയിന്റ് സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ട പാസ്റ്റർ പി. എ ജെറാൾഡ് തിരുവനന്തപുരത്തിനടുത്ത് വലിയതുറയിൽ ആംബ്രോസ് - ഫിലോമിന ദമ്പതികളുടെ മകനായി ജനിച്ചു. പത്തനാപുരം സെന്റർ ശുശ്രൂഷകനും പത്തനാപുരം സഭയുടെ പാസ്റ്ററുമാണ്. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് യുവജന വിഭാഗമായ വൈ പി ഇയുടെ പ്രസിഡന്റായി പ്രവർത്തിച്ച് വരുകയായിരുന്നു. ഹോം മിഷൻ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. കൗൺസിൽ മെമ്പർ, സെന്റർ പാസ്റ്റർ, കൺവൻഷൻ പ്രഭാഷകൻ എന്നിങ്ങനെ പ്രവർത്തിക്കുന്നു. ഭാര്യ: ഷെറിൻ. മക്കൾ: ജോഷിൻ, ജെഫിൻ, ജോഹാൻ.

യുവജന വിഭാഗം പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ട പാസ്റ്റർ മാത്യു ബേബി കടക്കൽ വീട്ടിൽ പരേതനായ പാസ്റ്റർ കെ. എം ബേബി,കുഞ്ഞുമോൾ ബേബിയുടെ മകനായി ജനിച്ചു സ്കൂൾ കോളേജ് വിദ്യാഭ്യാസത്തിന് ശേഷം സുവിശേഷവേലയ്ക്ക് വേണ്ടി സമർപ്പിക്കുകയും തിരുവല്ല ഇന്ത്യ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി, പായിപ്പാട് ന്യൂ ഇന്ത്യ ബൈബിൾ സെമിനാരി എന്നിവിടങ്ങളിൽ നിന്ന് വേദപഠനം പൂർത്തീകരിച്ചു 2006 മുതൽ 18 വർഷമായി ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ യുവജന വിഭാഗമായ വൈ പി ഇയുടെ സ്റ്റേറ്റിന്റെ ബോർഡ് മെമ്പർ, ജോയിന്റ് സെക്രട്ടറി, സ്റ്റേറ്റ് കോർഡിനേറ്റർ, സ്റ്റേറ്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നി നിലകളിൽ പ്രവർത്തിച്ചുവരിയായിരുന്നു. സ്റ്റേറ്റ് കൗൺസിൽ മെമ്പറും, ബൈബിൾ സ്കൂൾ അദ്ധ്യാപകനും, മികച്ച സംഘാടകനുമാണ്. ഭാര്യ സോണി, മക്കൾ :ജെമിൻ, ജെയിൻ, ജൂവാൻ.

# 'ഒരു തുണ്ട് ഭൂമിയും അതിലൊരു വീടും' എന്ന പദ്ധതിക്ക് തുടക്കമായി



**കുമ്പനാട്:** ഭവനരഹിതർക്ക് ആശ്വാസ കൂടൊരുക്കുന്ന ഇന്ത്യ പെന്തക്കോസ്തു ദൈവസഭ (ഐപിസി) കേരള സ്റ്റേറ്റിന്റെ പാർപ്പിട പദ്ധതിയായ 'ഒരു തുണ്ട് ഭൂമിയും അതിലൊരു വീടും' എന്ന പദ്ധതിക്ക് തുടക്കമായി.

പത്തനാപുരത്ത് ഐപിസി കേരളാ സ്റ്റേറ്റ് ട്രഷറർ പി.എം.ഫിലിപ്പ് ദാനമായി നൽകിയ 20 സെന്റ് സ്ഥലത്താണ് മൂന്നു നിലകളിലായി 12 വീടൊരുങ്ങുന്നത്.

പത്തനാപുരത്ത് നടന്ന പാർപ്പിട പദ്ധതിയുടെ തറക്കല്ലിടൽ ഐപിസി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് നിർവഹിച്ചു. അശരണരായവർക്കും ദുരിതമനുഭവിക്കുന്നവർക്കും ആശ്വാസമെത്തിക്കുന്നത് സഭയുടെ ദൗത്യമാണെന്നും അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഭവന രഹിതരായവർക്ക് പലയിടത്തായി ഭവനം പണിതു നൽകാൻ പദ്ധതി തയ്യാറായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ പാസ്റ്റർ രാജു ആനിക്കാട്, ജയിംസ് ജോർജ്, കൺവീനർ സജി മത്തായി കാതേട്ട്, കൊട്ടാരക്കര മേഖല പ്രസിഡന്റ്

പാസ്റ്റർ ബഞ്ചമിൻ വർഗീസ്, കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളായ ജോജി ഐപ്പ് മാത്യൂസ്, പാസ്റ്റർമാരായ ജയിംസ് ജോർജ്, ജോൺ റിച്ചാർഡ്, ജോസ് കെ.എബ്രഹാം, സി.എ.തോമസ്, തോമസ് മാത്യു, ബോബൻ ക്ലീറ്റസ്, എബി പി.ജോർജ്, കെ.ജെ.ജോബ്, ബാബു മന്ന, ഷിബിൻ ഗിലയാദ്, ആലീസ് ജോൺ, കുഞ്ഞൂഞ്ഞമ്മ ബഞ്ചമിൻ എന്നിവർ പ്രസംഗിച്ചു.

പദ്ധതിയുടെ ആദ്യ സംഭാവന സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ്, ട്രഷറർ പി.എം.ഫിലിപ്പ് എന്നിവർക്ക് നൽകി ഉദ്ഘാടനം ചെയ്തു.

പദ്ധതിയുടെ ആദ്യ സംഭാവന സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ്, ട്രഷറർ പി.എം.ഫിലിപ്പ് എന്നിവർക്ക് കൈമാറുന്നു.

പ്രൊജക്റ്റ് കൺവീനർ സജി മത്തായി കാതേട്ട്, പാസ്റ്റർ ജോൺ റിച്ചാർഡ്സ്, പാസ്റ്റർ ജോസ് കെ. എബ്രഹം, പാസ്റ്റർ എം.എ. തോമസ്, പാസ്റ്റർ ഏബ്രഹാം വർഗീസ്, പാസ്റ്റർ ബോബൻ ക്ലീറ്റസ്, സഹോദരന്മാരായ പീറ്റർ മാത്യു കല്ലൂർ, ബിനു വി. ജോർജ്, ബോബി തോമസ് തലപ്പാടി, ജോസ് ജോൺ കായംകുളം, കെ.എം ഡാനിയേൽ, ജോബി ഏബ്രഹാം, റോബിൻ ആർ. ആർ. എന്നിവരടങ്ങിയ സമിതിയാണ് ഈ പ്രോജക്റ്റിന് നേതൃത്വം നല്കുന്നത്.

# ഒന്നാം റാങ്ക്



**തിരുവനന്തപുരം:** കുന്നുകുഴി കലാവിഹാർ നഗറിൽ ഷാരോൻ ഡെയ്‌ലിൽ റെയ്സാ എസ്. പ്രേമിനു അളഗപ്പ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എസ്.സി ഫോറൻസിക് സയൻസിൽ ഒന്നാം റാങ്ക്. ഐ.പി.സി. ഉള്ളൂർ സഭാംഗങ്ങളായ പ്രേംജോയൽ ദാസിന്റെയും ഷീബ പ്രേമിന്റെയും മകളാണ്. ഇപ്പോൾ ഗുജറാത്തിലെ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയിൽ എം.എസ്.സി വിദ്യാർത്ഥിനിയാണ്.

MOB: 9526602670
beljourn@gmail.com
VOL 01, ISSUE 01
Price: ₹ 10

BELIEVERS JOURNAL

PUBLISHED ON 10/02/2024

BELIEVERS JOURNAL
Post Box No: 58
Kumbanad P.O.
Thiruvalla - 689 547

RNI. NO. KERMAL/2008/26530
beljourn.com/ www.bjournal.org
E-mail: beljourn@gmail.com

